# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## മെഴുവേലി ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2021-2022



കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പത്തനംതിട്ട-689645

ഇ-മെയിൽ: dopta.ksad@kerala.gov.in

ഫോൺ : 0468-2223691

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.പിറ്റിഎ.പി11-1242/22

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പത്തനംതിട്ട-689645
തീയ്യതി: 12/12/2022
ഇ-മെയിൽ: dopta.ksad@kerala.gov.in
ഫോൺ: 0468-2223691

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
മെഴുവേലി ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : മെഴുവേലി ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മെഴുവേലി ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പത്തനംതിട്ട.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.പിറ്റിഎ.പി11-1242/22 തീയ്യതി: 12/12/2022

## പത്തനംതിട്ട ജില്ലയിലെ മെഴുവേലി ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

പത്തനംതിട്ട ജില്ലയിലെ മെഴുവേലി ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2022 മുതൽ 20-10-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 11 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 7 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി സ്നിഗ്ദ്ധ എസ് | ഡെപ്യൂട്ടി ഡയറക്ടർ | 21-10-2022 | 02-11-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 21-10-2022 | 02-11-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി ശ്രീജ ഉണ്ണികൃഷ്ണൻ, ഓഡിറ്റ് ഓഫീസർ (21.10.2022 മാത്രം)
ശ്രീ. അരുൺ എസ് നായർ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീമതി ദീപ എസ്, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീമതി സിന്ധുമോൾ വി എൻ, ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|

| | | | |
|---|---|---|---|
| ശ്രീമതി പിങ്കി ശ്രീധർ | പ്രസിഡന്റ് | 01-04-2021 | 31-03-2022 |
| ശ്രീ. സേതു ആർ | സെക്രട്ടറി | 01-04-2021 | 08-10-2021 |
| ശ്രീ. അജ്ജുദേവ് വി | സെക്രട്ടറി-ഇൻ-ചാർജ്ജ് | 09-10-2021 | 20-12-2021 |
| ശ്രീ. സിജു പി | സെക്രട്ടറി | 21-12-2021 | 31-03-2022 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ. സന്തോഷ്കുമാർ കെ | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2021 | 19-06-2021 |
| ശ്രീ. ഗോപകുമാർ അർ | അസിസ്റ്റന്റ് സെക്രട്ടറി | 20-06-2021 | 25-06-2021 |
| ശ്രീ. അജ്ജുദേവ് വി | അസിസ്റ്റന്റ് സെക്രട്ടറി | 26-06-2021 | 31-03-2022 |
| ശ്രീമതി സംഗീത പത്മരാജൻ | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2021 | 31-03-2022 |
| ഡോ. ശ്രീദേവി എൻ നമ്പൂതിരി | മെഡിക്കൽ ഓഫീസർ (ആയൂർവ്വേദം) | 01-04-2021 | 31-03-2022 |
| ഡോ. അഞ്ജു ആർ എസ് | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 01-04-2021 | 31-03-2022 |
| ശ്രീ.സുരേഷ്കുമാർ ആർ | ഫിഷറീസ് ഓഫീസർ | 01-04-2021 | 31-03-2022 |
| ഡോ. മാത്തൻ മെൽബ സാറാ | വെറ്ററിനറി സർജൻ | 01-04-2021 | 31-03-2022 |
| ശ്രീമതി സിന്ധു ഭാസ്കർ | പ്രധാനാദ്ധ്യാപിക, SMGUPS, ചന്ദനക്കുന്ന് | 01-04-2021 | 31-03-2022 |
| ശ്രീമതി വീണ രാജൻ എം | ഡെയറി ഫാം ഇൻസ്ട്രക്റ്റർ | 01-04-2021 | 31-03-2022 |
| ഡോ. ഹരീഷ് വി | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | 01-04-2021 | 31-05-2021 |
| ഡോ. അനീഷ് കെ എസ് | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | 01-06-2021 | 31-10-2021 |
| ഡോ. രാഹുൽ സോമൻ | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | 01-11-2021 | 31-03-2022 |
| ശ്രീമതി സബിന്നിസ ജെ | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2021 | 16-11-2021 |
| ശ്രീമതി ജയമോൾ കെ കെ | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 17-11-2021 | 31-03-2022 |

| | | | |
|---|---|---|---|
| ശ്രീമതി താര മോഹൻ | കൃഷി ഓഫീസർ | 01-04-2021 | 06-10-2021 |
| ശ്രീമതി ലിനി ജേക്കബ് | കൃഷി ഓഫീസർ | 07-10-2021 | 25-10-2021 |
| ശ്രീ. സുനീർ ഷാജി | കൃഷി ഓഫീസർ | 26-10-2021 | 31-03-2022 |

ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബഡ്ജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക | 1-2 |
| 3 | സാമ്പത്തിക വിശകലനം | 1-3 |
| 4 | ഗ്രാന്റ് വിനിയോഗം | 1-4 |
| 5 | പദ്ധതി അവലോകനം | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 7 | ക്ഷേമ പദ്ധതികൾ | 1-7 |
| 8 | ക്യാഷ് പരിശോധന | 1-8 |
| 9 | ആഭ്യന്തരനിയന്ത്രണം | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 11 | നീർത്തടാധിഷ്ഠിത വികസനം- പദ്ധതി നടത്തിപ്പിൽ സുതാര്യതയില്ല | 1-11 |
| 12 | ചക്ക ഗ്രാമം - പദ്ധതിനിർവഹണത്തിലെ പോരായ്മകൾ | 1-12 |
| 13 | ഗുണഭോക്തൃ ലിസ്റ്റില്ലാത്തവർക്ക് ആനുകൂല്യം നൽകി | 1-13 |
| 14 | കുടുംബശ്രീ ചലഞ്ച് ഫണ്ടിന്റെ പലിശ സി.ഡി.എസിന് നൽകിയില്ല | 1-14 |
| 15 | വീട് വാസയോഗ്യമാക്കൽ-മുൻകൂർ കൈപ്പറ്റിയവർ പണി പൂർത്തീകരിച്ചില്ല | 1-15 |
| 16 | തരിശുനിലം കൃഷിക്ക് അനുയോജ്യമാക്കുന്നില്ല | 1-16 |
| 17 | സുഭിക്ഷകേരളം - ഭക്ഷ്യ സ്വയംപര്യാപ്തത കൈവരിക്കുന്നില്ല | 1-17 |
| 18 | ശബരിമല ഫണ്ട് - വിനിയോഗം | 1-18 |
| 19 | എസ്.എസ്.കെ പദ്ധതി ഫണ്ട് വിനയോഗം സംബന്ധിച്ച് | 1-19 |
| 20 | KMSCL ൽ നിന്ന് മരുന്നുകൾ പൂർണ്ണമായി ലഭിച്ചില്ല | 1-20 |
| 21 | ഹോമിയോ മരുന്നുകൾ ലഭ്യമാക്കാൻ അവശേഷിക്കുന്നു | 1-21 |
| 22 | അഗതിരഹിതകേരളം - പദ്ധതി യാഥാർത്ഥ്യമായില്ല | 1-22 |
| | ഭാഗം 2 | |
| | --- No Records Found --- | |
| | ഭാഗം 3 | |
| | --- No Records Found --- | |
| | ഭാഗം 4 | |
| 1 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 2 | നിക്ഷേപ പ്രവൃത്തികൾ | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-3 |
| 4 | വായ്പ / വായ്പാ തിരിച്ചടവ് | 4-4 |

| | | |
|---|---|---|
| 5 | സ്ഥിര നിക്ഷേപം | 4-5 |
| 6 | ഓഡിറ്റ് റിക്കവറി | 4-6 |
| 7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-7 |
| 8 | ചാർജ്ജ് /സർചാർജ്ജ് നടപടികളുടെ വിവരം | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകള് | 4-10 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ബഡ്ജറ്റ്

7831154/- രൂപ മുന്നിരിപ്പും 163492000/- രൂപ വരവും 167862000/- രൂപ ചെലവും 3461154/- രൂപ നീക്കി ബാക്കിയും പ്രതീക്ഷിക്കുന്ന ബഡ്ജറ്റ് 20.2.2021-ലെ I-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. പുതുക്കിയ ബജറ്റ് 21.3.2022-ലെ 2(1) -ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്.

## 1-2 വാർഷിക ധനകാര്യ പത്രിക

ഗ്രാമപഞ്ചായത്തിന്റെ 2021-22 വർഷത്തെ വാർഷിക ധനകാര്യ പത്രിക 31.7.2022-ൽ എയിംസ് മുഖേന സമർപ്പിച്ചു. പ്രസ്തുത വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു-

1. ഷെഡ്യൂൾ ബി-3-ൽ 2020-21-ലെ വാർഷിക ധനകാര്യ പത്രികയിലെ തുക തന്നെയാണ് ക്യാപിറ്റൽ കോൺട്രിബ്യൂഷൻ ഇനത്തിൽ (37554325/- ) ഉൾപ്പെടുത്തിയിരിക്കുന്നത്. തൻവർഷം ആസ്തികൾ സൃഷ്ടിക്കുന്നതിന് ചെലവായ തുക ഇവിടെ ഉൾപ്പെടുത്തിയിട്ടില്ല.

2. ഷെഡ്യൂൾ ബി-4-ൽ 320200399 എന്ന ശീർഷകത്തിൽ രേഖപ്പെടുത്തിയിട്ടുള്ള ബാലൻസിന്റെയും (347061/-) , 320800199 എന്ന ശീർഷകത്തിൽ രേഖപ്പെടുത്തിയിട്ടുള്ള ബാലൻസിന്റെയും (495543/-) കൃത്യത ബോദ്ധ്യപ്പെട്ടിട്ടില്ല.

3. ഷെഡ്യൂൾ ബി-5-ൽ ലോൺ തുകയുടെ ഒടുക്കാൻ അവശേഷിക്കുന്ന ബാലൻസായി രേഖപ്പെടുത്തിയിട്ടുള്ളത് 2050716/- രൂപയാണ്, എന്നാൽ വർഷാവസാനം 2503069/- രൂപയാണ് ഒടുക്കാൻ അവശേഷിക്കുന്നത്.

4. ഓരോയിനം ഡെപ്പോസിറ്റിന്റെയും വാർഷിക സംക്ഷിപ്തമില്ലാത്തതിനാൽ ഷെഡ്യൂൾ ബി-7-ൽ ഉൾപ്പെടുത്തിയിട്ടുള്ള വിവിധയിനം ഡെപ്പോസിറ്റ് ബാലൻസുകളുടെ കൃത്യത ബോദ്ധ്യപ്പെട്ടിട്ടില്ല.

5. ഇ-പേയ്മന്റ് , സി.എഫ്.സി എന്നീ അക്കൗണ്ടുകളുടെ വർഷാന്ത്യ റിക്കൺസിലിയേഷൻ നടത്തിയിട്ടില്ല.

6. വികസന ഫണ്ട് (ജനറൽ, എസ്.സി.പി), ധനകാര്യ കമ്മീ,ൻ ഗ്രാന്റ്, റോഡിതര സംരക്ഷണ ഗ്രാന്റ് എന്നിവയിലെ ചെലവ് തുകകൾ ബന്ധപ്പെട്ട ഏ.സി.ആറിലെ തുകകളുമായി പൊരുത്തപ്പെടുന്നില്ല.

7. വസ്തു നികുതിയിലെ ഡിമാന്റ് കളക്ഷൻ ബാലൻസ് തുകകൾ സഞ്ചയ സോഫ്റ്റ് വെയർ പ്രകാരമുള്ള കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല.

8. RP -35 ൽ ഓഡിറ്റ് റിക്കവറി ഇനത്തിൽ രേഖപ്പെടുത്തിയ തുക തെറ്റാണ്.

9. തൊഴിലുറപ്പ് പദ്ധതി സംബന്ധിച്ച വാർഷിക കണക്കിൽ ഉൾപ്പെടുത്തിയ തുക തെറ്റാണ്.

അപാകതകൾ പരിഹരിക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 10837168 |
| വരവ് | 65328058 |
| ആകെ | 76165226 |
| ചെലവ് | 63365099 |
| നീക്കിയിരിപ്പ് | 12800127 |

## 1-4 ഗ്രാന്റ് വിനിയോഗം

| ഗ്രാന്റ് | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ ലാപ്സായ തുക |
|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 0 | 8175274 | 8175274 | 8145776 | 29498 |
| വികസന ഫണ്ട്(എസ്.സി.പി) | 0 | 11135031 | 11135031 | 8638416 | 2496615 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (Tied) | 0 | 3973981 | 3973981 | 1793996 | 2179985 |

| | | | | | |
|---|---|---|---|---|---|
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (Untied) | 0 | 1708214 | 1708214 | 1647840 | 0 |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 0 | 7714300 | 7714300 | 6821699 | 892601 |
| സംരക്ഷണ ഗ്രാന്റ് (റോഡിതരം) | 0 | 4955817 | 4955817 | 3125841 | 1829976 |
| സംസ്ഥാനാവിഷ്കൃത ഫണ്ട് | | | | | |
| ശുചിത്വ മിഷൻ | 1879528 | 415000 | 2294528 | 1123322 | 1181106 |
| ലൈബ്രറി ഗ്രാന്റ് | 22426 | 16852 | 39278 | 950 | 38328 |
| കേന്ദ്രാവിഷ്കൃത ഫണ്ട് | | | | | |
| MGNREGS | 1871 | 15022057 | 15023928 | 15019250 | 4678 |
| ഐ.സി.ഡി.എസ് | 852728 | 460145 | 1312873 | 678263 | 634610 |

പഞ്ചായത്ത് സമർപ്പിച്ച ഗ്രാന്റ് പത്രികയിലെ അപാകതകൾ ചുവടെ ചേർക്കുന്നു-

1. അംഗൻവാടി ജീവനക്കാരുടെ പ്രതിഫലമിനത്തിൽ സ്രോതസ്സിൽ നിന്നും കുറവ് ചെയ്ത 963600/- രൂപ വികസന ഫണ്ട് (ജനറൽ) വരവിൽ ഉൾപ്പെടുത്തിയിട്ടില്ല.

2. ലൈഫ് മിഷൻ വായ്പ തിരിച്ചടവിനത്തിൽ സ്രോതസ്സിൽ നിന്നും കുറവ് ചെയ്ത 604267/- രൂപ വികസന ഫണ്ട് (ജനറൽ) വരവിൽ ഉൾപ്പെടുത്തിയിട്ടില്ല.

3. ലൈഫ് മിഷൻ വായ്പ തിരിച്ചടവിനത്തിൽ സ്രോതസ്സിൽ നിന്നും കുറവ് ചെയ്ത 85067/- രൂപ വികസന ഫണ്ട് (എസ്.സി.പി) വരവിൽ ഉൾപ്പെടുത്തിയിട്ടില്ല.

## 1-5 പദ്ധതി അവലോകനം

2021-22 വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | നടപ്പാക്കാത്തവ (എണ്ണം) | ചെലവ് ശതമാനം |
|---|---|---|---|---|---|
| 223 | 127178386 | 162 | 42133382 | 61 | 33.13 |

വിവിധ നിർവ്വഹണ ഉദ്യോഗസ്ഥരുടെ പദ്ധതി നടത്തിപ്പ് വിവരങ്ങൾ ചുവടെ ചേർക്കുന്നു-

| *നിർവ്വഹണ ഉദ്യോഗസ്ഥൻ* | *ആവിഷ്കരിച്ച പ്രോജക്ടുകൾ* | *നടപ്പിലാക്കിയ പ്രോജക്ടുകൾ* | *അടങ്കൽ തുക* | *ചെലവഴിച്ച തുക* |
|---|---|---|---|---|
| സെക്രട്ടറി | 48 | 28 | 10861773 | 6046291 |
| അസിസ്റ്റന്റ് സെക്രട്ടറി | 6 | 5 | 1050000 | 678381 |
| അസിസ്റ്റന്റ് എഞ്ചിനീയർ | 103 | 75 | 28419674 | 12980750 |
| കൃഷി ഓഫീസർ | 17 | 12 | 2847626 | 1332336 |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ-1 | 16 | 13 | 21032400 | 2693298 |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ-2 | 6 | 4 | 54893254 | 12207937 |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | 6 | 6 | 2668000 | 2446694 |
| മെഡിക്കൽ ഓഫീസർ, പി.എച്ച്.സി | 5 | 4 | 1743135 | 1203534 |
| മെഡിക്കൽ ഓഫീസർ, | 1 | 1 | 525000 | 525000 |

| | | | | |
|---|---|---|---|---|
| ആയുർവേദം | | | | |
| മെഡിക്കൽ ഓഫീസർ, ഹോമിയോ | 1 | 1 | 200000 | 200000 |
| പ്രഥമദ്ധ്യാപകൻ, ജി.എൽ.പി.എസ് | 2 | 1 | 455000 | 425000 |
| വെറ്ററിനറി സർജൻ | 5 | 5 | 889200 | 832000 |
| ഡെയറി ഫാം ഇൻസ്റ്റ്രക്ടർ | 5 | 5 | 1209324 | 502494 |
| ഫിഷറീസ് സബ് ഇൻസ്പെക്ടർ | 2 | 2 | 384000 | 59667 |
| ആകെ | 223 | 162 | 127178386 | 42133382 |

## 1-6 തൊഴിലുറപ്പ് പദ്ധതി

ഓഡിറ്റ് വർഷത്തെ തൊഴിലുറപ്പ് പദ്ധതിയുമായി ബന്ധപ്പെട്ട വരവ് ചെലവ് വിവരങ്ങൾ താഴെ ചേർക്കുന്നു-

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 1871 | 389976 | 391847 | 387169 | 4678 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | 0 | 14632081 | 14632081 | 14632081 | 0 |
| ആകെ | 1871 | 15022057 | 15023928 | 15019250 | 4678 |

## 1-7 ക്ഷേമ പദ്ധതികൾ

2021-22സാമ്പത്തികവർഷം ഗ്രാമപ്പഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമപദ്ധതികളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പെൻഷൻ ഇനം | | ചെലവ് തുക |
|---|---|---|---|
| 1 | കർഷകത്തൊഴിലാളി പെൻഷൻ | 172 | 2920600 |
| 2 | വികലാംഗ പെൻഷൻ | 171 | 2634800 |
| 3 | വാർദ്ധക്യകാല പെൻഷൻ | 1325 | 19954400 |
| 4 | 50വയസ്സിന് മുകളിലുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 28 | 429700 |
| 5 | വിധവാ പെൻഷൻ | 572 | 8857400 |
| 6 | തൊഴിൽ രഹിത വേതനം | 7 | 14880 |

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 26.10.2022-ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാനിദ്ധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 11111/- (പതിനൊന്നായിരത്തി ഒരുനൂറ്റി പതിനൊന്ന്) രൂപയുടെ നീക്കിയിരിപ്പിന്റെ കൃത്യത ബോദ്ധ്യപ്പെട്ടു.

## 1-9 ആഭ്യന്തരനിയന്ത്രണം

ഗ്രാമപഞ്ചായത്തിലെ ആഭ്യന്തരനിയന്ത്രണ സംവിധാനം പൊതുവെ തൃപ്തികരമാണ്. ഓഫീസ് ഉത്തരവു പ്രകാരം ജീവനക്കാരുടെ ചുമതലകൾ കൃത്യമായി വിഭജിച്ച് നൽകുകയും, ഓഫീസ് പ്രവർത്തനങ്ങൾ സുഗമമായി നടക്കുകയും ചെയ്യുന്നുണ്ട്. ഓഡിറ്റ് വർഷത്തിൽ ഓരോ മാസത്തെയും ചെലവുകൾ തൊട്ടടുത്ത മാസം തന്നെ ധനകാര്യസ്റ്റാന്റിംഗ് കമ്മറ്റി അംഗീകരിക്കുന്നുണ്ട്. വസ്തുനികുതി സംബന്ധിച്ച കണക്കുകൾ സഞ്ചയ സോഫ്റ്റ്-വെയർ പ്രകാരമുള്ള കണക്കുകളുമായി പൊരുത്തപ്പെടുത്താൻ നാളിതുവരെ സാധിച്ചിട്ടില്ല. പഞ്ചായത്തിലെ പദ്ധതി രൂപീകരണം, ഗുണഭോക്താക്കളുടെ തെരഞ്ഞെടുപ്പ് എന്നിവ ഉൾപ്പെടെയുള്ള പ്രധാനപ്പെട്ട ചുമതലകൾ ഗ്രാമസഭയിൽ നിക്ഷിപ്തമാണ്. എന്നാൽ ഗ്രാമപഞ്ചായത്തിലെ ഗ്രാമസഭകളിൽ ജനപങ്കാളിത്തം വളരെ കുറവാണ്. പരമാവധി ആളുകളെ ഗ്രാമസഭകളിൽ പങ്കെടുപ്പിക്കുന്നതിനുള്ള ശ്രമങ്ങൾ ഗ്രാമസഭാ കൺവീനർമാരുടെ ഭാഗത്തു നിന്നും ഉണ്ടാകേണ്ടതാണ്.

ഗ്രാമസഭകളിൽ ക്രിയാത്മകമായ ചർച്ചകൾ ഉണ്ടാകുന്നില്ല. ഗ്രാമസഭയിൽ നിന്നും വരുന്ന നിർദ്ദേശങ്ങൾ പദ്ധതി ആസൂത്രണത്തിൽ പ്രതിഫലിക്കുന്നില്ല. വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രവർത്തനം തൃപ്തികരമല്ല. വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് സമിതികളായി പ്രവർത്തിക്കണം എന്നുള്ള സർക്കാർ മാർഗ്ഗനിർദ്ദേശം പാലിക്കേണ്ടതാണ്. ഗ്രാമപഞ്ചായത്തിന്റെ ജനറൽ കമ്മിറ്റിയുടെ മിനിട്ട്സ് സകർമ്മ സോഫ്റ്റ് വെയർ ഉപയോഗിച്ചാണ് രേഖപ്പെടുത്തുന്നത്. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയിൽ എല്ലാ മാസത്തിലെ വരവ്-ചെലവ് കണക്കുകൾ അംഗീകരിക്കുക എന്നത് മാത്രമാണ് ചെയ്യുന്നത്. പുതിയ വരുമാന മാർഗ്ഗം കണ്ടെത്തുകയോ, ചെലവ് നിയന്ത്രണം ഉൾപ്പെടെയുള്ള പഞ്ചായത്തിന്റെ സാമ്പത്തിക പുരോഗതിയുള്ള കാര്യങ്ങൾ ഒന്നും ചർച്ച ചെയ്യപ്പെടുന്നില്ല. കമ്മിറ്റിയിൽ വിദ്യാഭ്യാസ മേഖലയെ പൂർണ്ണമായി അവഗണിച്ച് ആരോഗ്യ മേഖലയിലെ വിഷയങ്ങൾ മാത്രമാണ് ചർച്ച ചെയ്യുന്നത്. ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയിൽ അർഹതാ പരിശോധനയ്ക്ക് ശേഷം ലഭിക്കുന്ന സാമൂഹ്യ സുരക്ഷ പെൻഷൻ അപേക്ഷകൾ ജനറൽ കമ്മിറ്റിയ്ക്ക് അനന്തര നടപടികൾക്കായി നൽകുന്ന ചുമതല മാത്രമാണ് നിർവ്വഹിച്ചിട്ടുള്ളത്. ഡെപ്പോസിറ്റ് രജിസ്റ്ററിൽ വാർഷിക സംക്ഷിപ്തവും തയ്യാറാക്കിയിട്ടില്ല.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| *ഓഡിറ്റ്* | *ഓഡിറ്റ് നടത്തിയ തീയതി* | *ഓഡിറ്റ് കാലയളവ്* | *റിപ്പോർട്ട് ലഭിച്ച തീയതി* |
|---|---|---|---|
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 2.5.18-30.5.18 | 4/2020 മുതൽ 3/2021 വരെ | 10.11.2021 |
| പെർഫോമൻസ് ഓഡിറ്റ് | 27.6.22-28.6.22 | 1/2022 മുതൽ 3/2022 വരെ | 8.7.2022 |

## 1-11 നീർത്തടാധിഷ്ഠിത വികസനം- പദ്ധതി നടത്തിപ്പിൽ സുതാര്യതയില്ല

| | |
|---|---|
| പ്രോജക്ടിന്റെ പേര്, നമ്പർ | നീർത്തടാധിഷ്ഠിത വികസനം (സർവ്വേയും അനുബന്ധ പ്രവർത്തനങ്ങളും) (200/22) |
| വകയിരുത്തൽ | 100000/- (വികസന ഫണ്ട്- ജനറൽ) |
| ചെലവ് | 56620/-<br>ട്രഷറി ബിൽ നം. 21050652014600480976/5.10.2021 |

സെക്രട്ടറി നിർവ്വഹണം നടത്തിയ പ്രസ്തുത പദ്ധതി പ്രകാരം 38620/- രൂപ നോട്ടീസ്, വിവരശേഖരണ ഫാറം എന്നിവ അച്ചടിയ്ക്കുന്നതിനും ബാനർ, സ്റ്റേഷനറി എന്നിവയ്ക്കായും ചെലവായിട്ടുണ്ട്. ഒരുമ എന്ന സംഘടയുമായി ചേർന്ന് നീർച്ചാൽ സംരക്ഷണ നിരീക്ഷണ യാത്ര നടത്തിപ്പിനായി 3000/- രൂപയും, 18.8.2021-ന് നടന്ന പരിശീലന പരിപാടിയ്ക്ക് ഭക്ഷണം നൽകിയയിനത്തിൽ 15000/- രൂപയും ചെലവാക്കിയിട്ടുണ്ട്. പദ്ധതി നടത്തിപ്പ് സംബന്ധിച്ച് ചുവടെ പറയുന്ന വിഷയങ്ങൾ ശ്രദ്ധയിൽപ്പെട്ടു-

1. ഗ്രാമപഞ്ചായത്തിന്റെ സുസ്ഥിര വികസനം ലക്ഷ്യമാക്കി മെഴുവേലി 2025 എന്ന പേരിൽ ഗ്രാമപഞ്ചായത്തിനെ സഹായിക്കാൻ രൂപീകരിച്ചതാണ് ഒരുമ എന്ന സംഘടന. പ്രസ്തുത സംഘടനയുടെ വിശദാംശങ്ങൾ (സംഘടനയുടെ സ്ഥാപിച്ചതിന്റെ ലക്ഷ്യം , ഭാരവാഹികൾ, പഞ്ചായത്തുമായുള്ള ബന്ധം എന്നിവയുൾപ്പെടെ) ഒന്നും ലഭ്യമാക്കിയിട്ടില്ല.

2. നീർത്തട മാസ്റ്റർ പ്ലാൻ തയ്യാറാക്കുകയും സാമൂഹ്യ സാമ്പത്തിക സർവ്വേ നടത്തുകയുമാണ് ഒരുമയുടെ ആദ്യ പരിപാടി. നീർത്തട മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിനും സാമൂഹ്യ സാമ്പത്തിക സർവ്വേ നടത്തുന്നതിനും പ്രസ്തുത സംഘടനയെ ചുമതലപ്പെടുത്തി സർക്കാർ ഉത്തരവില്ല. നീർത്തട മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിന് ലാൻഡ് യൂസ് ബോർഡ് ഉൾപ്പെടെയുള്ള ഏജൻസികൾക്കാണ് സർക്കാര് ഉത്തരവുള്ളത്.

3. പഞ്ചായത്തിന്റെ നീർത്തട മാസ്റ്റർ പ്ലാൻ മുൻപ് തയ്യാറാക്കിയിട്ടുള്ളതാണ്. ഈ സാഹചര്യത്തിൽ നിലവിലുള്ള മാസ്റ്റർ പ്ലാൻ സമയബന്ധിതമായി പുതുക്കുന്നതിന് പകരം (പത്ത് വർഷത്തിലൊരിക്കൽ) ഇപ്രകാരമൊരു പ്രവൃത്തിയുടെ ആവശ്യകത ഓഡിറ്റിന് ബോദ്ധ്യപ്പെട്ടിടില്ല.

3. പ്രസ്തുത പദ്ധതി പ്രകാരം നാളിതുവരെ നടത്തിയിട്ടുള്ള പ്രവർത്തനങ്ങളുടെ വിശദാംശങ്ങളും തുടർ വർഷങ്ങളിൽ പ്രസ്തുത പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട വിവരങ്ങളും ലഭ്യമാക്കിയിട്ടില്ല.

പദ്ധതിയുടെ നടത്തിപ്പ് സുതാര്യമല്ല എന്ന് മേൽ സൂചിപ്പിച്ച കാര്യങ്ങൾ വ്യക്തമാക്കുന്നു. പദ്ധതിയുടെ നടത്തിപ്പ് സംബന്ധിച്ച് സമഗ്രമായ അന്വേഷണം നടത്തേണ്ടതും പദ്ധതി നടത്തിപ്പിലെ അപാകതകൾക്ക് വിശദീകരണം

ആവശ്യമായ രേഖകൾ സഹിതം ലഭ്യമാക്കേണ്ടതാണ്. ചെലവഴിച്ച തുകയായ 56620/- രൂപ തടസ്സപ്പെടുത്തുന്നു.

## 1-12 ചക്ക ഗ്രാമം - പദ്ധതിനിർവഹണത്തിലെ പോരായ്മകൾ

കൃഷി ഓഫീസർ നിർവഹണോദ്യോഗസ്ഥയായി എസ്.സി വിഭാഗത്തിൽപ്പെട്ട കർഷകർക്ക് വർഷം മുഴുവനും ചക്ക ഉല്പാദിപ്പിക്കുന്ന ഇനം പ്ലാവിൻതൈകൾ വിതരണം ചെയ്ത് മെഴുവേലിയെ ചക്ക ഗ്രാമമാക്കുന്നതിന് 2021-22 വർഷം ആവിഷ്കരിച്ച് നടപ്പാക്കിയ പദ്ധതിയാണ് ചക്കഗ്രാമം പദ്ധതി. (പ്രോജക്ട് നമ്പർ-239/22). പദ്ധതിയുടെ ഭാഗമായി 539 പ്ലാവിൻ തൈകൾ 200 രൂപ നിരക്കിൽ KAICO യിൽ നിന്ന് വാങ്ങുന്നതിന് 107800 രൂപ വികസനഫണ്ടിൽ നിന്ന് ചെലവഴിച്ചിട്ടുണ്ട്. 40 ഗുണഭോക്താക്കൾക്ക് സ്ഥലവിസ്തൃതിയുടെ അടിസ്ഥാനത്തിൽ ഒന്നിൽ കൂടുതൽ തൈകൾ വിതരണം ചെയ്തിട്ടുണ്ടെങ്കിലും പ്ലാവിൻ തൈകൾ കർഷകർ നട്ട് പരിപാലിക്കുന്നതായി കൃഷി ഓഫീസർ സ്ഥല പരിശോധന നടത്തി സാക്ഷ്യപ്പെടുത്തിയിട്ടില്ല. കൂടാതെ പദ്ധതിയുടെ ഫലപ്രാപ്തി സംബന്ധിച്ച് മോണിട്ടറിംഗ് നടത്തിയിട്ടില്ല. കാർഷിക മേഖലയിലെ പദ്ധതിനിർവഹണം സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾക്കനുസൃതമായും സുതാര്യമായും നടപ്പാക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

## 1-13 ഗുണഭോക്തൃ ലിസ്റ്റില്ലാത്തവർക്ക് ആനുകൂല്യം നൽകി

| | |
|---|---|
| പ്രോജക്ടിന്റെ പേര്, നമ്പർ | വീട്ടുവളപ്പിലെ മത്സ്യകൃഷി (221/22) |
| വകയിരുത്തൽ | 65600/- (വികസന ഫണ്ട്- ജനറൽ) |
| ചെലവ് | 27000/-<br>ട്രഷറി ബിൽ നം. 21050652017901441507/24.3.2022- 13500/-<br>ട്രഷറി ബിൽ നം. 21050652017901485893/26.3.2022- 13500/- |

ഫിഷറീസ് ഓഫീസർ നിർവ്വഹണം നടത്തിയ പ്രസ്തുത പദ്ധതി പ്രകാരം രണ്ട് ഗുണഭോക്താക്കൾക്ക് 13500/- രൂപ വീതം നൽകിയിട്ടുണ്ട്. 18.12.2021-ലെ 1(2)-ാം നമ്പർ തീരുമാനം പ്രകാരം പ്രസ്തുത പദ്ധതിയ്ക്കായി ഫിഷറീസ് ഓഫീസർ തയ്യാറാക്കി നൽകിയിട്ടുള്ള കരട് ഗുണഭോക്തൃ ലിസ്റ്റ് കമ്മിറ്റി പരിശോധിക്കുകയും നാല് പേരുടെ ലിസ്റ്റിന് അംഗീകാരം നൽകുകയും ചെയ്തിട്ടുണ്ട്. വീട്ടുവളപ്പിലെ മത്സ്യകൃഷി എന്ന പ്രോജക്ടിന്റെ ഗുണഭോക്താക്കളുടെ പേര് ബന്ധപ്പെട്ട വാർഡുകളിലെ ഗ്രാമസഭ മിനിട്ട്സ് ബുക്കിലോ (ഗുണഭോക്തൃ ലിസ്റ്റിൽ) പഞ്ചായത്തിന്റെ 2021-22 വർഷത്തെ ഗുണഭോക്തൃ ലിസ്റ്റിലോ ഉൾപ്പെട്ടിട്ടില്ല. *(220/22 – ബയോഫ്ലോക്ക് മത്സ്യകൃഷി എന്ന പ്രോജക്ടിലും സമാന സ്ഥിതി തന്നെയാണ്)* 2.3.2022-ലെ 1(2)-ാം തീരുമാനവും, 21.3.2022-ലെ 1(3)-ാം നമ്പർ തീരുമാനവും പ്രകാരം ഫിഷറീസ് ഓഫീസർ തയ്യാറാക്കി നൽകിയിട്ടുള്ള കരട് ഗുണഭോക്തൃ ലിസ്റ്റിലെ ഗുണഭോക്താവിന് പകരം മറ്റു രണ്ട് പേരെ ഉൾപ്പെടുത്തി ആനുകൂല്യം നൽകിയിട്ടുണ്ട്. ഈ ഗുണഭോക്താക്കൾക്ക് തുടർന്ന് നടന്ന ഗ്രാമസഭകളിൽ ഒന്നും സാധൂകരണം വാങ്ങിയിട്ടുമില്ല. ഈ വിഷയത്തിൽ നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (10/28.10.22) മറുപടി നൽകിയിട്ടില്ല. ഗുണഭോക്ത തെരഞ്ഞെടുപ്പിന് തുടർന്ന് വരുന്ന ഗ്രാമസഭകളിൽ സാധൂകരണം വാങ്ങേണ്ടതാണ്.

## 1-14 കുടുംബശ്രീ ചലഞ്ച് ഫണ്ടിന്റെ പലിശ സി.ഡി.എസിന് നൽകിയില്ല

കുടംബശ്രീ ജില്ലാ മിഷനിൽ നിന്നും അഗതി രഹിതം കേരള പദ്ധതിയ്ക്കായി ലഭിച്ച 895267/- രൂപ സി.ഡി.എസിന് കൈമാറാതെ 3.3.2021-ന് പഞ്ചായത്തിന്റെ തനത് ഫണ്ട് അക്കൗണ്ടിൽ നിക്ഷേപിച്ചു. കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ 2020-21 വർഷത്തെ ഓഡിറ്റിൽ പ്രസ്തുത വിഷയം ശ്രദ്ധയിൽപ്പെടുത്തിയതിനെ (എൻക്വയറി നം. 5/15.6.2022) 895267/- രൂപ 22.8.2022-ൽ സി.ഡി.എസിന്റെ അക്കൗണ്ടിൽ കൈമാറിയിട്ടുണ്ട്. എന്നാൽ, 3.3.2021 മുതൽ 21.8.2022 വരെയുള്ള പലിശ സി.ഡി.എസിന്റെ നൽകിയിട്ടില്ല. 2020-21 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിൽ പ്രസ്തുത നിർദ്ദേശം നൽകിയെങ്കിലും പലിശ നാളിതുവരെ സി.ഡി.എസിന്റെ അഗതി രഹിത കേരളം അക്കൗണ്ടിൽ നൽകിയിട്ടില്ല. ഈ വിഷയത്തിൽ നൽകിയ എൻക്വയറിയ്ക്ക് (9/28.10.22) മറുപടി നൽകിയിട്ടില്ല. അടിയന്തിരമായി പലിശ അക്കൗണ്ടിൽ നിക്ഷേപിക്കേണ്ടതാണ്.

## 1-15 വീട് വാസയോഗ്യമാക്കൽ-മുൻകൂർ കൈപ്പറ്റിയവർ പണി പൂർത്തീകരിച്ചില്ല

ഗ്രാമപ്പഞ്ചായത്തിൽ 2021-22 വർഷം പ്രോജക്ട് നമ്പർ 43/22 പദ്ധതിയിലുൾപ്പെടുത്തി വീട് വാസയോഗ്യമാക്കുന്നതിന് കരാറിലേർപ്പെട്ട പട്ടികജാതി വിഭാഗത്തിൽപ്പെട്ട 13 ഗുണഭോക്താക്കളിൽ 10 പേർ മാത്രമാണ് പുനരുദ്ധാരണം പൂർത്തിയാക്കി മുഴുവൻ തുകയും കൈപ്പറ്റിയിട്ടുള്ളത്. മുൻകൂർ ധനസഹായം നൽകിയ താഴെ പറയുന്ന ഗുണഭോക്താക്കൾ

വീടുപണി നാളിതുവരെ പൂർത്തീകരിച്ചിട്ടില്ല. വിശദവിവരം ചുവടെ ചേർക്കുന്നു

| ക്രമനമ്പർ | പേരും മേൽവിലാസവും | നൽകിയ തുക | ബിൽ നമ്പർ |
|---|---|---|---|
| 1 | രാജശ്രീ, കരിഞ്ഞാലി മോടിയിൽ, ഉള്ളന്നൂർ | 45000 | 2105065201760098O349/20.01.22 |
| 2 | മോഹനൻ KC, ജിനീഷ് ഭവനം, ഉള്ളന്നൂർ | 45000 | 2105065201760144I098/24.03.22 |
| 3 | വിനോദ്, മാമ്പ്ര കിഴക്കേക്കര, കൈപ്പുഴ നോർത്ത് | 45000 | 2105065201760144I098/24.03.22 |

മേൽ ഗുണഭോക്താക്കൾ ഭവനപുനരുദ്ധാരണം പൂർത്തീകരിക്കുന്നതിന് സ്വീകരിച്ച നടപടികൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (7/22 Dtd 07.10.22) ഗുണഭോക്താക്കൾക്ക് അറിയിപ്പ് നൽകിയതായും നിർമ്മാണം തുടരുന്നതായും നിർവഹണോദ്യോഗസ്ഥൻ അറിയിച്ചിട്ടുണ്ട്. ഭവനപുനരുദ്ധാരണം പൂർത്തീകരിക്കുന്ന മുറയ്ക്ക് ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-16 തരിശുനിലം കൃഷിക്ക് അനുയോജ്യമാക്കുന്നില്ല

ഗ്രാമപഞ്ചായത്തിലെ തരിശുനിലം നെൽകൃഷിക്കനുയോജ്യമാക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടില്ല. ജലസേചനസൗകര്യം ഏർപ്പെടുത്തിയാൽ തരിശുനിലം കൃഷിക്കനുയോഗ്യമാക്കാൻ കഴിയുമെന്ന് കൃഷിവകുപ്പും ജലസേചനവകുപ്പും നടത്തിയ സംയുക്ത പരിശോധനയിൽ കണ്ടെത്തിയിരുന്നു. 2019-20 ഓഡിറ്റ് റിപ്പോർട്ടിൽ ഖണ്ഡിക 1-27-ൽ പ്രസ്തുത വിഷയം സംബന്ധിച്ച പരാമർശം ഉൾപ്പെടുത്തിയിരുന്നു. ആയതിന്മേൽ സ്വീകരിച്ചിട്ടുള്ള തുടർനടപടികൾ സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി നൽകിയതിന് (06/22 തീയതി 27/10/2022) ജലസേചനസൗകര്യം മെച്ചപ്പെടുത്തുന്നതിന് നീർച്ചാലുകൾ പുനരുദ്ധരിക്കുന്നതിനായി മൈനർ ഇറിഗേഷൻ വകുപ്പിനെ ചുമതലപ്പെടുത്തിയതായെയും തുടർനടത്തിവരുന്നതായും നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി നൽകിയിട്ടുണ്ട്. എന്നാൽ 2021-22 വർഷം 3 ഹെക്ടർ തിരശുനിലം മാത്രമാണ് നെൽകൃഷി ചെയ്തിട്ടുള്ളത്. സുഭിക്ഷകേരളം പദ്ധതിയിലുൾപ്പെടുത്തിയും തരിശുനിലത്ത് കൃഷിയിറക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടില്ല. ജലസേചന സൗകര്യം മെച്ചപ്പെടുത്തി തരിശു നിലങ്ങൾ കൃഷിക്ക് ഉപയുക്തമാക്കുന്നതിന് സത്വരനടപടികൾ സ്വീകരിക്കേണ്ടതാണ് വിഷയം ഭരണസമിതിയുടെ ശ്രദ്ധയിൽപെടുത്തുന്നു.

## 1-17 സുഭിക്ഷകേരളം - ഭക്ഷ്യ സ്വയംപര്യാപ്തത കൈവരിക്കുന്നില്ല

സംസ്ഥാനത്തെ ഭക്ഷ്യ സ്വയം പര്യാപ്തതയിൽ എത്തിക്കുക എന്ന ലക്ഷ്യത്തോടെ ആവിഷ്കരിച്ച പദ്ധതിയാണ് സുഭിക്ഷകേരളം പദ്ധതി. 29.05.2020 ലെ സ.ഉ(സാധാ)നമ്പർ 1998/2020 /ത.സ്വ.ഭ.വ ഉത്തരവു പ്രകാരം പദ്ധതിനിർവഹണം സംബന്ധിച്ച മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. 2021-22 സാമ്പത്തികവർഷം കാർഷികമേഖലയിൽ സുഭിക്ഷകേരളം പദ്ധതിയിലുൾപ്പെടുത്തി ഗ്രാമപ്പഞ്ചായത്ത് പദ്ധതികൾ ആവിഷ്കരിച്ചെങ്കിലും ഭാഗികമായാണ് നടപ്പാക്കിയത്. പദ്ധതികളുടെ വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമനമ്പർ | പ്രോജക്ട് നമ്പർ | വകയിരുത്തിയ തുക | ചെലവഴിച്ച തുക |
|---|---|---|---|
| 1 | 72/22, സുഭിക്ഷകേരളം വനിത കുടുംബശ്രീ സംഘക്കൃഷി എസ്.സി | 200000 | 0 |
| 2 | 74/22, സുഭിക്ഷകേരളം-തരിശുവാഴക്കൃഷി | 200000 | 0 |
| 3 | 75/22, സുഭിക്ഷകേരളം-ഔഷധസസ്യക്കൃഷി-ജനറൽ | 35000 | 0 |
| 4 | 76/22, സുഭിക്ഷകേരളം-ഔഷധസസ്യക്കൃഷി-എസ്.സി | 25000 | 0 |
| 5 | 80/22, സുഭിക്ഷകേരളംഏത്തവാഴക്കൃഷി എസ്.സി | 50000 | 50000 |
| 6 | 71/22, സുഭിക്ഷകേരളം വനിത കുടുംബശ്രീ സംഘക്കൃഷി | 50000 | 50000 |

| | | | |
|---|---|---|---|
| 7 | 73/22, സുഭിക്ഷകേരളം വനിതകളുടെ ജൈവപച്ചക്കറികൃഷി | 100000 | 100000 |
| 8 | 79/22, സുഭിക്ഷകേരളം ഏത്തവാഴകൃഷിവികസനം ജനറൽ | 100000 | 100000 |
| ആകെ | | 560000 | 300000 |

പദ്ധതിക്ക് വകയിരുത്തിയ തുകയുടെ 53.5% മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്. പദ്ധതി ആനുകൂല്യം പച്ചക്കറി, ഏത്തവാഴ തുടങ്ങിയവയുടെ വിത്തുകളായാണ് ഗുണഭോക്താക്കൾക്ക് നൽകിയിട്ടുള്ളത്. പദ്ധതിയുടെ ഫലപ്രാപ്തി സംബന്ധിച്ച് മോണിട്ടറിഗ് നടത്തിയിട്ടില്ല. തരിശുനിലത്തിൽ വാഴകൃഷി നടത്തുന്നതിന് 200000 രൂപ വകയിരുത്തി പദ്ധതി ആവിഷ്കരിച്ചെങ്കിലും നടപ്പാക്കിയിട്ടില്ല ഭക്ഷ്യോല്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുക എന്ന സുഭിക്ഷകേരളം പദ്ധതിയുടെ മുഖ്യ ലക്ഷ്യം സാക്ഷാത്കരിക്കുന്നതിനാവശ്യമായ പ്രവർത്തനങ്ങൾ ഒന്നും തന്നെ നടത്തിയിട്ടില്ല. സർക്കാർ മാർഗ്ഗരേഖപ്രകാരം സുഭിക്ഷകേരളം പദ്ധതി നടപ്പാക്കുന്നതിനും ഫലപ്രാപ്തി ഉറപ്പുരുത്തുന്നതിനും ശ്രദ്ധിക്കേണ്ടതാണ്.

## 1-18 ശബരിമല ഫണ്ട് - വിനിയോഗം

ശബരിമല തീർത്ഥാടകരുടെ ക്ഷേമത്തിനും അവർക്ക് ആവശ്യമായ സൗകര്യങ്ങൾ ഒരുക്കുന്നതിനുമാണ് ശബരിമല സ്പെഷ്യൽ ഫണ്ട് നൽകുന്നത്. ആയതിന്റെ വരവ് ചെലവ് കണക്കുകൾ ചുവടെ ചേർക്കുന്നു.

| വർഷം | പ്രാരംഭ ബാക്കി | വരവ് | ആകെ | ചെലവ് | നീക്കി ബാക്കി |
|---|---|---|---|---|---|
| 2020-21 | 0 | 1840000 | 1840000 | 0 | 1840000 |
| 2021-22 | 1840000 | 1840000 | 3680000 | 87320 | 3592680 |

2020-21 മുതൽ ലഭിക്കുന്ന ഫണ്ട് ഉപയോഗിച്ച് ആകെ ചെയ്തിട്ടുള്ളത് തിരുവാഭരണ പാതയിലെ സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ പ്രവൃത്തിയ്ക്ക് തുക നിക്ഷേപിക്കലായിരുന്നു. പഞ്ചായത്ത് ചെലവഴിക്കുന്ന തുക തീർത്ഥാടകരുടെ ക്ഷേമത്തിന് പ്രയോജനപ്പെടുന്നുണ്ടോ എന്ന് നിരീക്ഷാൻ സംവിധാനമില്ല. ഇടത്താവളങ്ങളുടെ സൗകര്യങ്ങൾ കൂടുതൽ മെച്ചപ്പെടുത്തുന്നതിന കാര്യമായ പദ്ധതികൾ ഒന്നും നടപ്പിലാക്കിയിട്ടില്ല. ശബരിമല തീർത്ഥാടന കാലം ആരംഭിക്കുന്നതിന് മുൻപ് തന്നെ തീർത്ഥാടകർക്ക് ആവശ്യമായ സൗകര്യങ്ങൾ ഒരുക്കുന്നതിനുള്ള പദ്ധതികൾ ആസൂത്രണം ചെയ്ത് ഇവയുടെ കൃത്യമായും സമയബന്ധിതമായ നിർവ്വഹണം ഉറപ്പുവരുത്തേണ്ടതാണ്. ഇതിനായി പഞ്ചായത്ത് തലത്തിൽ കർമ്മ പദ്ധതി തയ്യാറാക്കേണ്ടതും ഭരണ സമിതിയംഗങ്ങളും ഉദ്യോഗസ്ഥരും ഉൾപ്പെട്ട സമിതി രൂപീകരിച്ച് ഫണ്ട് വിനിയോഗം കൃത്യമായി മോണിട്ടർ ചെയ്യേണ്ടതുമാണ്.

വർഷാവസാനം (31.3.2022-ന്) ഫണ്ടിനത്തിൽ 35,926,80രൂപ അവശേഷിക്കുന്നുണ്ട്. നിലവിൽ ശബരിമല സ്പെഷ്യൽ ഫണ്ട് പഞ്ചായത്തിന്റെ തനത് ഫണ്ടിലാണ് (ട്രഷറി) സൂക്ഷിച്ചിട്ടുള്ളത്. ഇത് കാരണം പ്രസ്തുത ഫണ്ട് പഞ്ചായത്തിന്റെ മറ്റ് അവശ്യങ്ങൾക്കായി വകമാറ്റി ചെലവഴിക്കാൻ സാദ്ധ്യതയുള്ളതിനാൽ സെക്രട്ടറിയുടെ പേരിൽ ഒരു പ്രത്യേക ബാങ്ക് അക്കൗണ്ട് ആരംഭിക്കേണ്ടതാണ്.

## 1-19 എസ്.എസ്.കെ പദ്ധതി ഫണ്ട് വിനയോഗം സംബന്ധിച്ച്

| | |
|---|---|
| പ്രോജക്ടിന്റെ പേര്, നമ്പർ | എസ്.എസ്.കെ വിഹിതം നൽകൽ (1/22)<br>എസ്.എസ്.കെ വിഹിതം നൽകൽ (2/22) |
| വകയിരുത്തൽ | 400000/- (വികസന ഫണ്ട്- ജനറൽ)<br>400000/- (വികസന ഫണ്ട്- എസ്.സി.പി) |
| ചെലവ് | 200000/-<br>(ട്രഷറി ബിൽ നം. 21050652014600122808/15.06.21)<br>400000/-<br>ട്രഷറി ബിൽ നം. 21050652014600122810/15.6.2021 |

സമഗ്ര ശിക്ഷ പദ്ധതി പ്രകാരം സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി നടപ്പിലാക്കിയ 1/22, 2/22 എന്നീ രണ്ട് പ്രോജക്ടുകൾ പ്രകാരം 200000/- രൂപയും 400000/- രൂപയും ചെലവഴിച്ചിട്ടുണ്ട്. പദ്ധതി നടത്തിപ്പ് സംബന്ധിച്ച് ചുവടെ പറയുന്ന വിഷയങ്ങൾ ശ്രദ്ധയിൽപ്പെട്ടു-

1. പദ്ധതി പ്രകാരം ആകെ ചെലവഴിച്ച തുകയുടെ 66.6 ശതമാനം എസ്.സി.പി ഫണ്ടാണ്. പദ്ധതി പ്രകാരമുള്ള ഗുണഭോക്താക്കളിൽ (വിദ്യാർത്ഥികൾ) പട്ടികജാതി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികളുടെ എണ്ണം നിശ്ചയിച്ചതിന്റെ

രേഖയില്ലാതെയാണ് തുക വകയിരുത്തി ചെലവഴിച്ചിട്ടുള്ളത്. പട്ടികജാതി വിഭാഗത്തിലുള്ളവരുടെ ഉന്നമനത്തിനായി ചെലവഴിക്കേണ്ടതാണ് എന്ന നിബന്ധനയ്ക്ക് വിരുദ്ധമായി ഫണ്ട് ചെലവഴിച്ചത് ക്രമപ്രകാരമല്ല.

2. രണ്ട് പ്രോജക്ടുകളുടെയും വിശദമായ (ഓരോ ഇനം തിരിച്ചുള്ള ) വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല.

മേൽ രണ്ട് വിഷയങ്ങളിലും നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (8/28.10.22) മറുപടി ലഭ്യമാക്കിയിട്ടില്ല. എസ്.സി.പി ഫണ്ട് വിനിയോഗം സംബന്ധിച്ച വിശദീകരണം നൽകേണ്ടതും വിശദമായ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതുമാണ്.

## 1-20 KMSCL ൽ നിന്ന് മരുന്നുകൾ പൂർണ്ണമായി ലഭിച്ചില്ല

2021-22 സാമ്പത്തികവർഷം മെഡിക്കൽ ഓഫീസർ നിർവഹണോദ്യോഗസ്ഥനായി വിവിധ പദ്ധതികൾക്കായി ചുവടെ ചേർക്കും പ്രകാരം KMSCL എന്ന സ്ഥാപനത്തിനു മുൻകൂർ തുക നൽകിയിട്ടുണ്ട്.

| പ്രോജക്ട് നമ്പർ/പേര് | മുൻകൂർ നൽകിയ തുക | ലഭിച്ച മരുന്നുകൾ | അവശേഷിക്കുന്ന മരുന്നുകൾ | ബിൽ നമ്പർ/തീയതി |
|---|---|---|---|---|
| 9/22, പാലിയേറ്റീവ് കെയർ പദ്ധതി | 35106 + 142310 | 68555 | 108861 | 1050652015100308415/14.08.2021<br>2105065201510140082 0/02.03.2022 |
| 125/22, PHCയ്ക്ക് മരുന്ന് വാങ്ങൽ | 368600 + 35319 | 329075 | 74844 | 2105065201510105479 8/02.02.22<br>1050652015101489254/27.03.22 |
| ആകെ | | 397630 | 183705 | |

മേൽ പദ്ധതികൾ പ്രകാരം ചെലവഴിച്ച തുകയിൽ 183705/- രൂപയുടെ മരുന്നുകൾ ലഭിക്കാൻ അവശേഷിക്കുന്നു. പ്രസ്തുത മരുന്നുകൾ ലഭിക്കുന്ന മുറയ്ക്ക് രേഖകൾ സഹിതം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-21 ഹോമിയോ മരുന്നുകൾ ലഭ്യമാക്കാൻ അവശേഷിക്കുന്നു

മെഡിക്കൽ ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥയായി ഹോമിയോ ഡിസ്പെൻസറിക്ക് മരുന്നുകൾ ലഭ്യമാക്കുന്നതിനായി (പ്രോജക്ട് നം. S0087/2022) 2021-22 വർഷം ഹോംകോ മാനേജിംഗ് ഡയറക്ടർക്ക് 200,000 രൂപ (ബിൽ നം. 2105065201520060155 8/01/11/2021) മുൻകൂറായി ഒടുക്കിയിട്ടുണ്ടെങ്കിലും 87471 രൂപയുടെ മരുന്നുകൾ മാത്രമാണ് ലഭ്യമായിട്ടുള്ളത്. അവശേഷിക്കുന്ന 112529 രൂപയുടെ മരുന്നുകൾ ലഭ്യമാകുവാൻ നടപടി സ്വീകരിക്കേണ്ടതാണ്. മരുന്നുകൾ ലഭ്യമായതിന്റെ വിവരങ്ങൾ സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്ത് ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-22 അഗതിരഹിതകേരളം - പദ്ധതി യാഥാർത്ഥ്യമായില്ല

അഗതിരഹിതകേരളം പദ്ധതിക്കായി ഗ്രാമപഞ്ചായത്ത് നൽകുന്ന വികസനഫണ്ട് പദ്ധതിനിർവഹണത്തിന് ചെലവഴിക്കുന്നില്ല. പദ്ധതി ആരംഭിച്ച് 3 വർഷങ്ങൾ പിന്നിടുമ്പോൾ ഒരു ഗുണഭോക്താവിന് വീട് പുനരുദ്ധാരണത്തിന് 75000/- രൂപ നൽകുന്നതിന് മാത്രമാണ് വികസനഫണ്ട് ചെലവഴിച്ചത്. പദ്ധതിയുടെ ചെലവുവിവരം ചുവടെ ചേർക്കുന്നു.

| ഫണ്ടിനം | വകയിരുത്തിയ തുക | ലഭിച്ച തുക | ചെലവഴിച്ച തുക |
|---|---|---|---|
| ചലഞ്ച് ഫണ്ട് | 2685800 | 1790534 | 1370835 |
| വികസനഫണ്ട് | 7757900 | 900000 | 75000 |
| മറ്റ് ഫണ്ട് | 475000 | 150000 | 5050 |
| ആകെ | 10918700 | 2840534 | 1450885 |

2021-22 സാമ്പത്തിക വർഷം വികസനഫണ്ട് (ജനറൽ, എസ്.സി) 200000/- രൂപ നൽകിയിട്ടുണ്ടെങ്കിലും ആയത് നിഷ്ക്രിയ ഫണ്ടായി അക്കൗണ്ടിൽ തുടരുന്നു. ഭക്ഷണവിതരണം മാത്രമാണ് പദ്ധതി തുടങ്ങി മൂന്ന് വർഷങ്ങൾ പിന്നിടുമ്പോഴും പ്രധാനമായും നടക്കുന്നത്. കുടുംബശ്രീ ജില്ലാ മിഷനിൽ നിന്നും ചലഞ്ച് ഫണ്ട് രണ്ടാം ഗഡുവായി ലഭിച്ച 895267/- രൂപ 22.08.22 ൽ മാത്രമാണ് അഗതിരഹിതകേരളം പദ്ധതി അക്കൗണ്ടിലേക്ക് നൽകിയത്. പദ്ധതി

അക്കൗണ്ടിൽ 2234221/- രൂപ അവശേഷിക്കുന്നു. ചെലവഴിക്കാതെ അവശേഷിക്കുന്ന വികസനഫണ്ട് സർക്കാർ നിർദ്ദേശിച്ചിട്ടുള്ള മാർഗ്ഗരേഖപ്രകാരം ചെലവഴിച്ച് അഗതിരഹിതകേരളം എന്ന പദ്ധതി യാഥാർത്ഥമാക്കുന്നതിനും ലക്ഷ്യം കൈവരിക്കുന്നതിനും ഭരണസമിതിയും ഉദ്യോഗസ്ഥരും ശ്രദ്ധിക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|
| പന്തളം ബ്ലോക്ക് പഞ്ചായത്ത് | 180000 | ലൈഫ് മിഷൻ (ജനറൽ) | 180000 | 0 |
| പന്തളം ബ്ലോക്ക് പഞ്ചായത്ത് | 200000 | അനുപൂരക പോഷകാഹാരം | 200000 | 0 |
| പന്തളം ബ്ലോക്ക് പഞ്ചായത്ത് | 78300 | മാനസിക ശാരീരിക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്ക് സ്കോളർഷിപ്പ് | 78300 | 0 |
| പന്തളം ബ്ലോക്ക് പഞ്ചായത്ത് | 85797 | ലൈഫ് ഭവന പദ്ധതി | 85797 | 0 |
| പന്തളം ബ്ലോക്ക് പഞ്ചായത്ത് | 700000 | ലൈഫ് ഭവന പദ്ധതി (എസ്.സി) | 700000 | 0 |
| പന്തളം ബ്ലോക്ക് പഞ്ചായത്ത് | 16503 | പാലിന് സബ്സിഡി (ജനറൽ) | 16503 | 0 |
| പന്തളം ബ്ലോക്ക് പഞ്ചായത്ത് | 75071 | പാലിന് സബ്സിഡി (വനിത) | 75071 | 0 |
| പത്തനംതിട്ട ജില്ലാ പഞ്ചായത്ത് | 350000 | കിഴങ്ങ് കൃഷി വികസനം വനിത ജനറൽ | 350000 | 0 |
| പത്തനംതിട്ട ജില്ലാ പഞ്ചായത്ത് | 280000 | പാലിയേറ്റീവ് പരിചരണം | 280000 | 0 |
| പത്തനംതിട്ട ജില്ലാ പഞ്ചായത്ത് | 4263264 | ലൈഫ് ഭവന പദ്ധതി (എസ്.സി) | 4263264 | 0 |
| പത്തനംതിട്ട ജില്ലാ പഞ്ചായത്ത് | 100000 | മാനസിക ശാരീരിക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്ക് സ്കോളർഷിപ്പ് | 100000 | 0 |

| | | | | |
|---|---|---|---|---|
| പത്തനംതിട്ട ജില്ലാ പഞ്ചായത്ത് | 200000 | അനുപൂരക പോഷകാഹാര പരിപാടി | 200000 | 0 |
| പത്തനംതിട്ട ജില്ലാ പഞ്ചായത്ത് | 100000 | ടേക്ക് എ ബ്രേക്ക് പൊതു ശൗചാലയം | 100000 | 0 |
| പത്തനംതിട്ട ജില്ലാ പഞ്ചായത്ത് | 200000 | പാലിന് സബ്സിഡി (ജനറൽ) | 200000 | 0 |

## 4-2 നിക്ഷേപ പ്രവൃത്തികൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനത്തിന് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | ബിൽ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കേരള സംസ്ഥാന വൈദ്യുതി ബോർഡ് | സ്ട്രീറ്റ്ലൈൻ നീട്ടൽ (175/22) | 21050652014600482795/21.3.22-7977/-<br>21050652014600482831/26.3.22-10620/- | 18597/- | 0 | 18597/- |
| കേരള സംസ്ഥാന വൈദ്യുതി ബോർഡ് | തിരുവാഭരണ പാതയിൽ സ്ട്രീറ്റ്ലൈൻ നീട്ടൽ (232/22) | 21050652014600481732/15.2.22 | 87320/- | 0 | 87320/- |
| കേരള വാട്ടർ അതോറിറ്റി | പൈപ്പ്ലൈൻ നീട്ടൽ (176/22) | 21050652014600481738/15.2.22-560000/-<br>21050652014600482801/24.3.22-420000/- | 980000/- | 0 | 980000/- |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസായി ഗുണഭോക്തൃ സമിതികൾക്ക് തുകയൊന്നും നൽകിയിട്ടില്ല.

## 4-4 വായ്പ / വായ്പാ തിരിച്ചടവ്

| വായ്പയുടെ പേര് / ഉദ്ദേശ്യം | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| | | | മുതൽ | പലിശ | |
| ലൈഫ് ഭവന പദ്ധതി | 0 | 3192403 | 689334 | 0 | 2503069 |

## 4-5 സ്ഥിര നിക്ഷേപം

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 3100/- രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രസീത് നമ്പർ തിയതി |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| 2013-14 | 2-1 (എ) | 1550/- | മാനേജർ, യൂണിയൻ ബാങ്ക്, ഇലവുംതിട്ട | 1210102647/9.12.2021 |
| 2013-14 | 2-1 (ബി) | 1550/- | മാനേജർ, യൂണിയൻ ബാങ്ക്, ഇലവുംതിട്ട | 1210102690/15.12.2021 |
| | ആകെ | 3100/- | | |

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2012-13 | 3-7 | 2013-14 | 5-3-6 | മിനി വ്യവസായ എസ്റ്റേറ്റിലെ കെട്ടിടത്തിന്റെ ശോച്യാവസ്ഥ | പരാമർശം നിലനിൽക്കുന്നു |
| 2012-13 | 3-11 | 2013-14 | 5-10 | ആട്ട ഗ്രാമം പദ്ധതി - തുക വിതരണം ചെയ്യാതെ ബാങ്ക് അക്കൗണ്ടുകളിൽ സൂക്ഷിച്ചിരിക്കുന്നു | പരാമർശം നിലനിൽക്കുന്നു |
| 2019-20 | 1-18 | 2020-21 | 1.4.1 | പ്ലാസ്റ്റിക് ഷ്രെഡ്ഡിംഗ് യൂണിറ്റ് - മൂന്ന് വർഷം കഴിഞ്ഞിട്ടും യാഥാർത്ഥ്യമായില്ല | പരാമർശം നിലനിൽക്കുന്നു |

## 4-8 ചാർജ്ജ് /സർചാർജ്ജ് നടപടികളുടെ വിവരം

ഇല്ല

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 68512247 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 57675079 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 56620 |

(ബി)പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-11 | 56620/- | ശ്രീ. സേതു ആർ, സെക്രട്ടറി |
| | 56620/- | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ. സേതു ആർ,<br>സെക്രട്ടറി | സെക്രട്ടറി,<br>തണ്ണിത്തോട് ഗ്രാമപഞ്ചായത്ത് | |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകള്

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1996-97 | എൽ.എഫ്.പിറ്റിഎ-പി2/322/98 തീയതി 14.10.99/11.1.2000 | 1 |
| 1999-00 | എൽ.എഫ്.പിറ്റിഎ-പി2/864/01 തീയതി 2.2.2001 | 17 |
| 2000-01 | എൽ.എഫ്.പിറ്റിഎ-പി2/230/02 തീയതി 11.10.2002 | 4 |
| 2001-02 | എൽ.എഫ്.പിറ്റിഎ-പി3/222/05 തീയതി 11.8.2005 | 1 |
| 2002-03 | എൽ.എഫ്.പിറ്റിഎ-പി3/537/06 തീയതി 15.9.2006 | 2 |
| 2004-05 | എൽ.എഫ്.പിറ്റിഎ-പി5/365/10 തീയതി 2.6.2011 | 11 |
| 2005-06 | എൽ.എഫ്.പിറ്റിഎ-പി5/939/11 തീയതി 20.12.2011 | 5 |
| 2006-07 | എൽ.എഫ്.പിറ്റിഎ-പി5/940/11 തീയതി 19.12.2011 | 2 |
| 2007-08 | എൽ.എഫ്.പിറ്റിഎ-പി5/380/12 തീയതി 26.5.2012 | 4 |
| 2008-09 | എൽ.എഫ്.പിറ്റിഎ-പി5/381/12 തീയതി 26.5.2012 | 2 |
| 2009-10 | എൽ.എഫ്.പിറ്റിഎ-പി5/382/12 തീയതി 26.5.2012 | 5 |
| 2010-11 | എൽ.എഫ്.പിറ്റിഎ-പി5/383/12 തീയതി 26.5.2012 | 3 |
| 2011-12 | എൽ.എഫ്.പിറ്റിഎ-പി11/210/14 തീയതി 11.8.2014 | 10 |
| 2012-13 | എൽ.എഫ്.പിറ്റിഎ-പി11/1062/14 തീയതി 5.11.2014 | 16 |
| 2013-14 & 2014-15 | കെ.എസ്.എ.പിറ്റിഎ-പി11/26/13 തീയതി 23.3.2016 | 18 |

| | | |
|---|---|---|
| 2015-16 | കെ.എസ്.എ.പിറ്റിഎ-പി11/1204/16 തീയതി 17.11.2016 | 8 |
| 2016-17 | കെ.എസ്.എ.പിറ്റിഎ-പി11/895/17 തീയതി 27.7.2017 | 11 |
| 2017-18 | കെ.എസ്.എ.പിറ്റിഎ-പി11/1404/18 തീയതി 16.10.2018 | 13 |
| 2018-19 | കെ.എസ്.എ.പിറ്റിഎ-പി11/589/19 തീയതി 25.7.2019 | എല്ലാ ഖണ്ഡികകളും |
| 2019-20 | കെ.എസ്.എ.പിറ്റിഎ-പി11/265/21 തീയതി 9.4.2021 | എല്ലാ ഖണ്ഡികകളും |
| 2020-21 | കെ.എസ്.എ.പിറ്റിഎ-പി11/636/22 തീയതി 29.6.2022 | എല്ലാ ഖണ്ഡികകളും |

അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ

ജില്ലാ ഓഡിറ്റ് കാര്യാലയം, പത്തനംതിട്ട

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2021-2022 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ പത്തനംതിട്ട ജില്ലയിലെ മെഴുവേലി ഗ്രാമപഞ്ചായത്തിന്റെ 2021-2022-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, പത്തനംതിട്ട
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

പത്തനംതിട്ട ജില്ലയിലെ മെഴുവേലി ഗ്രാമപഞ്ചായത്തിന്റെ 2021-2022 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, പത്തനംതിട്ട
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്